**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീമതി.ബീന കെ.കെ.യ്ക്കും ശ്രീ.മുരളി പി.കെ-യ്ക്കും നൽകിയ നടപടികൾക്ക് സാധൂകരണം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഊർജ്ജ (എ) വകുപ്പ്

സ.ഉ.(സാധാ) നം.61/2024/POWER തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:- 1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 06.06.2023, 29.09.2023 തീയതികളിലെ ഇ1-67972/2023/സി.ഇ.ഐ. നമ്പർ ഉത്തരവുകൾ.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 11.10.2023-ലെ ഇ1-67972/2023/സി.ഇ.ഐ.നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ. മണിലാൽ എസ് കോഴിക്കോട് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ച് വിടുതൽ ചെയ്ത സാഹചര്യത്തിലും ടി സ്ഥാപനത്തിലെ സീനിയറായ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.മുരളി പി.കെ. അവധിയിൽ പ്രവേശിച്ചതിനാലും ടി ജില്ലാ കാര്യാലയത്തിന്റെ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ബീന കെ.കെ-ക്ക് 07.06.2023 പൂർവ്വാഹ്നം പ്രാബല്യത്തിലും സീനിയറായ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.മുരളി പി.കെ. അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ ടിയാന് 29.09.2023 പ്രാബല്യത്തിലും നൽകിയ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം 1) ലെ നടപടികൾ സാധൂകരിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ. മണിലാൽ എസ് കോഴിക്കോട് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ച് വിടുതൽ ചെയ്ത സാഹചര്യത്തിലും ടി സ്ഥാപനത്തിലെ സീനിയറായ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.മുരളി പി.കെ. അവധിയിൽ പ്രവേശിച്ചതിനാലും ടി ജില്ലാ കാര്യാലയത്തിന്റെ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ബീന കെ.കെ-ക്ക് 07.06.2023 പൂർവ്വാഹ്നം പ്രാബല്യത്തിലും ശ്രീ.മുരളി പി.കെ. അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ ടിയാന് 29.09.2023 പ്രാബല്യത്തിലും നൽകിയ

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം 1) ലെ നടപടികൾക്ക് സാധൂകരണം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 26-03-2024 10:37:29

സെക്ഷൻ ഓഫീസർ